സാമ്പത്തിക വർഷം മുതൽ മാത്രമേ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ.

**പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ ജനമൈത്രി പദ്ധതിയിൽ ജാഗ്രതാ സമിതികൾ**

**21 (5928)** ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് എത്ര വീതം ജാഗ്രതാ സമിതികൾ ഇതുവരെയായി രൂപീകരിച്ചിട്ടുണ്ട് ; ഈ ജാഗ്രതാ സമിതികളുടെ പ്രവർത്തനരീതി എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

രൂപീകരിച്ചിട്ടുണ്ട്. ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്കൂൾ കേന്ദ്രീകരിച്ച് 140 സമിതികളും കോളേജുകൾ കേന്ദ്രീകരിച്ച് 24 സമിതികളും രൂപീകരിച്ചിട്ടുണ്ട്. ജാഗ്രതാ സമിതികൾ, സ്കൂൾ, കോളേജ്തലങ്ങളിൽ മീറ്റിംഗുകൾ സംഘടിപ്പിച്ച് കൗൺസിലിംഗ്, പൊതുസ്ഥലങ്ങളിലും യാത്രാവേളയിലും മറ്റും പെൺകുട്ടികൾക്ക് നേരെയുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങൾക്കെതിരെ അവരെ ബോധവതികളാക്കുന്നതിന് വേണ്ട ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക, അത്തരം വിഷയങ്ങൾ ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുക, കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന കരാട്ടെ, തയ്കൊണ്ട, കളരി തുടങ്ങിയവയിൽ ഏതിലെങ്കിലും ഉള്ള പരിശീലനം, വ്യക്തിത്വ വികസനം, വ്യക്തി ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക, പ്രയോജനമുള്ള ടി.വി. പ്രോഗ്രാമുകൾ എങ്ങനെ തെരഞ്ഞെടുക്കണം, മൊബൈൽ ഫോൺ ഉപയോഗം കൊണ്ടുള്ള അപകടങ്ങൾ, ഇന്റർനെറ്റ് ഉപയോഗത്തിലും മറ്റും പതിയിരിക്കുന്ന അപകടങ്ങൾ തുടങ്ങിയ വിഷയങ്ങളിലും ക്ലാസ്സുകൾ നടത്തുക എന്നിവയാണ് സമിതിയുടെ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

**കോടതിയുടെ അനുമതിയോടെ പിൻവലിച്ച കേസ്സുകൾ**

**22 (5931)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിക്കാൻ കോടതികളുടെ അനുമതി തേടിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര കേസ്സുകൾ കോടതിയുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട് ;

(സി) പിൻവലിക്കാൻ അനുമതി തേടിയ കേസ്സുകളുടെയും ഉൾപ്പെട്ട പ്രതികളുടെയും വിശദവിവരം നൽകുമോ ;

(ഡി) എത്ര കേസ്സുകളിൽ കോടതി അനുമതി നിഷേധിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളിൽ കേസ്സുകളിൽപ്പെട്ട് കെട്ടിക്കിടക്കുന്ന വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി**

23 (5932) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കേസുകളുമായി ബന്ധപ്പെട്ടും അല്ലാതെയും, നൂറുകണക്കിന് വാഹനങ്ങൾ പിടിച്ചിട്ടിട്ടുള്ള വിവരം സർക്കാരിനറിവുണ്ടോ ;

(ബി) ഓരോ സ്റ്റേഷനിലും ഇത്തരത്തിലുള്ള വാഹനങ്ങളുടെ കണക്ക് സൂക്ഷിക്കാറുണ്ടോ ; ഇത്തരം വാഹനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതുമൂലം പരിസരത്തെ റോഡുവക്കുകളിൽ കൂട്ടിയിടുന്നതുകൊണ്ടുള്ള ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) അറിവുണ്ട്.

(ബി) സൂക്ഷിക്കാറുണ്ട്. സ്ഥല പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കഴിയാവുന്നിടത്തോളം ഗതാഗതപ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലാണ് വാഹനങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. 5-4-2009-ലെ 89584/ജി3/2008/ആഭ്യന്തര നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം പിടിച്ചെടുത്ത വാഹനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് വകുപ്പിലെ വാഹനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിന് നടപടി**

24 (5933) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിലെ വാഹനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുംവേണ്ടി വകുപ്പിനുകീഴിൽ സംസ്ഥാനത്ത് എത്ര വർക്ക്ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly